
കാഴ്ചപ്പാട്

കെ.സി സലീം

# മുസ്‌ലിംകൾ ഫലദായക വൃക്ഷമായപ്പോൾ

**പരമതവിദ്വേഷം, വർണവെറി, ജാതിവിരോധം, അസൂയ, പക എന്നിവയെല്ലാം മനുഷ്യവർഗത്തിന് യാതൊരുപകാരവും ചെയ്യാത്ത, സമൂഹത്തിന്റെ വളർച്ചക്ക് ഒരുതരത്തിലും പ്രയോജനപ്പെടാത്ത നിഷേധാത്മക നിലപാടുകളാണ്. ചരിത്രത്തെ അനുസ്യൂതമായൊഴുകുന്ന ഒരു പുഴയോടുപമിക്കുമ്പോൾ അതിന്റെ സുഗമമായ ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന ഘടകങ്ങളാണിവയെല്ലാം. ഭാവിചരിത്രകാരന്മാർ ഇത്തരം ഘടകങ്ങളെ ആ ഒഴുക്കിനെ തടസ്സപ്പെടുത്തിയ ചപ്പുചവറുകളായേ കാണൂ.**



**മതാനുഷ്ഠാനങ്ങളിൽ** വ്യക്തിയുമായി ബന്ധപ്പെട്ടതും സമൂഹവുമായി ബന്ധപ്പെട്ടതുമുണ്ട്. നമസ്കാരം, നോമ്പ് എന്നിവ വ്യക്തിപരമായ വിശുദ്ധിക്കുള്ളതാണ്. സമൂഹവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നിങ്ങൾ നന്മ കൽപിക്കുക, തിന്മയെ ചെറുക്കുക എന്നാണ് ഖുർആനിലുടനീളം വിശ്വാസികളോട് ആഹ്വാനം ചെയ്യുന്നത്. തിന്മയെ നന്മ കൊണ്ട് ചെറുക്കുക, അപ്പോൾ നിങ്ങളോട് വൈരം പുലർത്തുന്നവരും നിങ്ങളുടെ ആത്മമിത്രമായി മാറും എന്ന് ഖുർആൻ (41:34). ഇത്

സാമൂഹികമായി വലിയൊരു പാഠം ഉൾക്കൊള്ളുന്നുണ്ട്. സദാ നന്മയുടെ പക്ഷം നിൽക്കുന്നവനായിരിക്കും വിശ്വാസി. "നിങ്ങൾ ശല്യം ഒഴിവാക്കുക, സലാം മടക്കുക, നന്മ പ്രോത്സാഹിപ്പിക്കുക, തിന്മ തടയുക" എന്ന് ഒരിക്കൽ പ്രവാചകൻ അനുചരന്മാരോട് പറഞ്ഞിട്ടുണ്ട്. അവർ തെരുവിൽ സംസാരിച്ചു നിൽക്കുമ്പോഴായിരുന്നു പ്രവാചകൻ ഇത് പറഞ്ഞത്. നന്മ പ്രോത്സാഹിപ്പിക്കാനും തിന്മ തടയാനും കൂടുതൽ അവസരം കിട്ടുന്ന സ്ഥലമാണല്ലോ തെരുവുകൾ. മറ്റൊരിക്കൽ പ്രവാചകൻ പറഞ്ഞു: "പരസ്പരബന്ധം മെച്ചപ്പെടുത്തുക. തീർച്ചയായും പരസ്പര ബന്ധങ്ങളുടെ തകർച്ച നാശം വിതക്കും." "ദ്രോഹം പാടില്ല, പ്രതിദ്രോഹവും പാടില്ല" എന്നും നബി പറഞ്ഞു. സമൂഹത്തിന് ഗുണകരമാവുന്ന നന്മ ചെയ്യലാണ് സമൂഹവുമായുള്ള ബന്ധം ഊട്ടിയുറപ്പിക്കാനുള്ള മാർഗം.

ഏതൊരാദർശം സ്വീകരിക്കുന്നവരും അതിന്റെ അടിസ്ഥാനത്തിലുള്ള ഒരു ജീവിതവീക്ഷണം ഉൾക്കൊള്ളുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിലായിരിക്കും അവർ മറ്റുള്ളവരോട് പെരുമാറുന്നത്. മാർക്സിയൻ തത്ത്വശാസ്ത്രം സ്വീകരിച്ചവർക്ക് മുതലാളിത്തത്തോടുള്ള വിദ്വേഷം, നേരത്തേ ലോകത്തിന്റെ പല ഭാഗങ്ങളിലും നിലനിന്ന വർണവിദ്വേഷം, ഇസ്രയേലിൽ ഫലസ്ത്വീനികൾക്കെതിരെ ഇപ്പോഴും നിലനിൽക്കുന്ന അപ്പാർത്തീഡ്, യൂറോപ്പിൽ ചിലേടങ്ങളിൽ ഇപ്പോൾ കണ്ടുവരുന്ന കറുത്തവരോടും ഇന്ത്യക്കാരോടുമുള്ള വിദ്വേഷം, ഇന്ത്യയിൽ സംഘ്പരിവാര സംഘടനകൾക്ക് മുസ്‌ലിംകളോടുള്ള വിദ്വേഷം തുടങ്ങിയവ അവർ സ്വീകരിച്ച ആശയത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയെടുത്ത നിലപാടുകളാണ്.

പരമതവിദ്വേഷം, വർണവെറി, ജാതിവിരോധം, അസൂയ, പക എന്നിവയെല്ലാം മനുഷ്യവർഗത്തിന് യാതൊരുപകാരവും ചെയ്യാത്ത, സമൂഹത്തിന്റെ വളർച്ചക്ക് ഒരുതരത്തിലും പ്രയോജനപ്പെടാത്ത നിഷേധാത്മക നിലപാടുകളാണ്. ചരിത്രത്തെ അനുസ്യൂതമായൊഴുകുന്ന ഒരു പുഴയോടുപമിക്കുമ്പോൾ അതിന്റെ സുഗമമായ ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന ഘടകങ്ങളാണിവയെല്ലാം. ഭാവിചരിത്രകാരന്മാർ ഇത്തരം ഘടകങ്ങളെ ആ ഒഴുക്കിനെ തടസ്സപ്പെടുത്തിയ ചപ്പുചവറുകളായേ കാണൂ. ഏതൊരാശയത്തിന്റെയും വക്താക്കൾ തങ്ങളുടെ മനോഭാവം ചിട്ടപ്പെടുത്തുമ്പോൾ പ്രധാനമായും ആലോചിക്കേണ്ട വസ്തുതയാണ് ചരിത്രം ഒരു ദർപ്പണമാവുമ്പോൾ തങ്ങളുടെ പ്രതിഛായ എങ്ങനെയായിരിക്കുമെന്നത്.

അതുകൊണ്ടാണ് കുരിശുയുദ്ധ കാലത്ത് ക്രൈസ്തവ സൈന്യം നടത്തിയ കൂട്ടക്കൊലകൾ, റഷ്യൻ വിപ്ലവത്തിനു ശേഷം നടന്ന ശത്രുസംഹാരങ്ങൾ, ചൈനീസ് വിപ്ലവത്തിനു ശേഷം സാംസ്കാരിക വിപ്ലവകാലത്ത് നടന്ന കൂട്ടക്കൊലകൾ, 1937ൽ ചൈനയിലെ നാൻകിംഗിൽ ജാപ്പനീസ് സൈന്യം നടത്തിയ കൂട്ടക്കൊല, ഹിറ്റ്ലർ നടത്തിയ വംശഹത്യ, 2002ൽ ഗുജറാത്തിൽ നടന്ന വംശഹത്യ, ഇറാഖിലും അഫ്ഗാനിസ്താനിലും അമേരിക്ക നടത്തിയതും നടത്തിക്കൊണ്ടിരിക്കുന്നതുമായ കൂട്ടക്കശാപ്പുകൾ തുടങ്ങിയവ മനുഷ്യകുലത്തിന്റെ സാംസ്കാരികമായ മുന്നേറ്റത്തെ തടസ്സപ്പെടുത്തിയ ഹീനകൃത്യങ്ങളായാണ് ചരിത്രം രേഖപ്പെടുത്തുന്നത്. സാർവലൗകിക നന്മ എന്നൊന്നുണ്ട്; സാർവലൗകിക തിന്മ എന്ന മറ്റൊന്നുമുണ്ട്. മുകളിൽ പറഞ്ഞവയെല്ലാം സാർവലൗകികമായിത്തന്നെ തിന്മ എന്ന് തരംതിരിച്ചവയിൽ പെട്ടതാണ്. മനുഷ്യകുലത്തിന്റെ സർവതോമുഖമായ പുരോഗതിക്കുള്ള നടപടികൾ എപ്പോഴും സാർവലൗകിക നന്മകളുടെ പട്ടികയിലേ ചരിത്രം രേഖപ്പെടുത്തുകയുള്ളൂ.

ഇത് നന്നായി മനസ്സിലാക്കിയവരായിരുന്നു മുസ്‌ലിംകൾ. ഇതിനവരെ പ്രേരിപ്പിച്ചതാവട്ടെ, ഇസ്‌ലാമിലെ നന്മയെക്കുറിച്ച സങ്കൽപവുമായിരുന്നു. സമൂഹത്തിന് പരമാവധി ഗുണം കിട്ടുന്ന നിലപാടെടുക്കാനാണ് മതം അവരെ പഠിപ്പിക്കുന്നത്. മുസ്‌ലിംകൾ ലോകത്തിന്റെ ഏതു ഭാഗത്തെത്തിയാലും നന്മ പ്രസരിപ്പിക്കുന്നവരായിരുന്നപ്പോഴെല്ലാം അവർ സമൂഹത്തിൽ സ്തുത്യർഹമായ പങ്കുവഹിച്ചു എന്നാണ് ചരിത്രം പറയുന്നത്. അപ്പോഴെല്ലാം അവർ നന്മയുടെ പ്രചാരകരായിരുന്നു. നന്മയെന്നത് എന്തുമാവാം. നല്ല പെരുമാറ്റമാവാം, സമൂഹത്തിലെ എല്ലാവരെയും തുല്യമായി വീക്ഷിക്കലാവാം, എല്ലാവർക്കും ഒരുപോലെ ഗുണകരമായ പ്രവർത്തനങ്ങളിലേർപ്പെടലാവാം. കാരണം, വായുവും വെള്ളവുമെല്ലാം ദൈവം എല്ലാവർക്കും തുല്യമായി നൽകുന്നതു പോലെ, വൃക്ഷത്തെ ഉദാഹരിച്ചുകൊണ്ടുള്ള ഖുർആൻ വചനത്തിൽ "അതിന്റെ ശാഖകൾ ആകാശത്ത് പടർന്നു പന്തലിച്ച് നിൽക്കും; എല്ലാ കാലത്തും എല്ലാവർക്കും അത് ഫലം പ്രദാനം ചെയ്യും" (14:24, 25) എന്ന് പറഞ്ഞതു പോലെ ജാതി-മത-വർഗ-വർണ ഭേദമില്ലാതെ എല്ലാവർക്കും നന്മ ചെയ്യലാവാം. പ്രകൃതിയോട് ക്രൂരത കാണിക്കാതെ, പരിസ്ഥിതിക്ക് കോട്ടം തട്ടാതെ, പ്രകൃതിയോടിണങ്ങി സമൂഹവുമായി ഇടപഴകി എല്ലാവരുടെയും പുരോഗതിക്കും വളർച്ചക്കും ഉപകരിക്കുന്ന കാര്യങ്ങൾ ചെയ്യലാവാം. ഇതു പോലെ നന്മയുടെ അംശങ്ങളുള്ള എന്തുമാവാം. അത് വഴിയരികിലെ തടസ്സങ്ങളും മാലിന്യങ്ങളും നീക്കലുമാവാം. "വഴിയിലുള്ള മുള്ളുകൾ നീക്കലും വിശ്വാസത്തിന്റെ ഭാഗമാണ്" എന്ന് പ്രവാചകൻ പഠിപ്പിച്ചത് ഈ അർഥത്തിലാണ്.

ഈ കാഴ്ചപ്പാട് ഉൾക്കൊണ്ട മുസ്‌ലിംകൾ എത്തിപ്പെട്ട രാജ്യങ്ങളിലെല്ലാം നാനാമുഖമായ പുരോഗതിക്കാവശ്യമായ നടപടികളെടുക്കുകയുണ്ടായി. വിജ്ഞാനം വിശ്വാസിയുടെ കളഞ്ഞുപോയ സ്വത്താണെന്നും അതെവിടെ കണ്ടെത്തിയാലും വീണ്ടെടുക്കണമെന്നുമുള്ള പ്രവാചകവചനം പിൻപറ്റി അവർ വൈജ്ഞാനിക നവോത്ഥാനത്തിന് തുടക്കമിട്ടത് അബ്ബാസിയാ കാലഘട്ടത്തിലും സ്പെയിനിലെ മുസ്‌ലിം ഭരണകാലത്തും കാണാം. മുസ്‌ലിംകളുടെ സംഭാവനകളാണ് യൂറോപ്പിൽ നവോത്ഥാനത്തിന് വഴിയൊരുക്കിയതെന്ന് പല ചരിത്രകാരന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്. ഫിലിപ് ഹിറ്റി എഴുതുന്നു: "മധ്യകാല യൂറോപ്പിന്റെ ബൗദ്ധിക ചരിത്രത്തിൽ ഏറ്റവും തിളക്കമാർന്ന അധ്യായങ്ങളെഴുതിയത് മുസ്‌ലിം സ്പെയിനായിരുന്നു. എട്ടാം നൂറ്റാണ്ടിന്റെ മധ്യം മുതൽ പതിമൂന്നാം നൂറ്റാണ്ടിന്റെ തുടക്കം വരെയുള്ള കാലഘട്ടത്തിൽ ലോകത്തുടനീളമുള്ള സംസ്കാര നാഗരികതകളുടെ വഴികാട്ടികൾ അറബി ഭാഷ സംസാരിക്കുന്നവരായിരുന്നു. അതിലുപരി, അവരിലൂടെയാണ് പുരാതന ശാസ്ത്രവും തത്ത്വചിന്തയുമെല്ലാം വീണ്ടെടുക്കാനും പുഷ്ടിപ്പെടുത്താനും പല ഭാഗങ്ങളിലേക്കും പ്രചരിപ്പിക്കാനുമായത്. അതാണ് യൂറോപ്പിൽ നവോത്ഥാനം സാധ്യമാക്കിയത്" (Philip K. Hitti, History of the Arabs, Page 557).

യൂറോപ്പിന് വൈജ്ഞാനിക-ശാസ്ത്ര മേഖലകളിൽ മുന്നേറാനും ശസ്ത്രക്രിയോപകരണങ്ങൾ നിർമിക്കാനും ആശുപത്രികൾ സ്ഥാപിക്കാനും വിദ്യാഭ്യാസസ്ഥാപനങ്ങളുണ്ടാക്കാനും പഠിപ്പിച്ചതിൽ ബഗ്ദാദ് വഹിച്ച പങ്ക് വലുതായിരുന്നു. വലുപ്പത്തിൽ കോൺസ്റ്റാന്റിനോപ്പിളിന് തൊട്ടു പിന്നിലുള്ള ലോകോത്തരമായ വാണിജ്യകേന്ദ്രമായിരുന്ന ആ നഗരം ഹാറൂൻ റശീദിന്റെ കാലമായപ്പോഴേക്കും ലൈബ്രറികളും വിദ്യാഭ്യാസസ്ഥാപനങ്ങളും ആശുപത്രികളും കനാലുകളും ജല സംഭരണികളുമെല്ലാമുള്ള മാലിന്യമുക്തമായ ഒരു നഗരമായി മാറിക്കഴിഞ്ഞിരുന്നു.

അദ്ദേഹത്തിന്റെ മകനായിരുന്ന മഅ്മൂൻ ആണ് ഒമ്പതാം നൂറ്റാണ്ടിൽ അവിടെ പ്രസിദ്ധമായ ബൈത്തുൽ ഹിക്മ – ജ്ഞാനാലയം – സ്ഥാപിച്ചത്. അതിന്റെ പ്രഥമ മേധാവിയായിരുന്ന ഹുനൈൻ ഇബ്നു ഇസ്ഹാഖ് 873–ൽ മരിക്കുന്നതിനു മുമ്പു തന്നെ ഗാലന്റെ വൈദ്യശാസ്ത്ര, തത്ത്വശാസ്ത്ര ഗ്രന്ഥങ്ങളും അരിസ്റ്റോട്ടിലിന്റെ ഭൗതികവിജ്ഞാനീയഗ്രന്ഥങ്ങളും ഗ്രീക്ക് ഭാഷയിൽ നിന്ന് അറബിയിലേക്ക് പൂർണമായി ഭാഷാന്തരം ചെയ്തിരുന്നു. അദ്ദേഹത്തിന്റെ എണ്ണമറ്റ ശിഷ്യന്മാർ പ്ലാറ്റോ, അരിസ്റ്റോട്ടിൽ, ഹിപ്പോക്രിറ്റസ്, ടോളമി, യൂക്ലിഡ്, പൈത്തഗോറസ് തുടങ്ങിയവരുടെ കൃതികളും അറബിയിലേക്ക് പരിഭാഷപ്പെടുത്തുകയുണ്ടായി. ബഗ്ദാദിൽ താമസിച്ചിരുന്ന അൽ ഖവാരിസ്മിയായിരുന്നു എട്ടാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ ആൽജിബ്ര കണ്ടുപിടിച്ചത്.

ഇസ്‌ലാമിന്റെ പ്രചാരത്തോടെയുണ്ടായ വൈജ്ഞാനിക മുന്നേറ്റത്തിന്റെ കാലത്ത് മുസ്‌ലിം രാജ്യങ്ങളിലെ വൈദ്യശാസ്ത്ര വിശാരദന്മാരും തത്ത്വചിന്തകരും പ്രധാനമായും ആശ്രയിച്ചിരുന്നത് ഗ്രീക്ക് ചിന്തകന്മാരുടെ കൃതികളെയായിരുന്നു. മാത്രവുമല്ല, അവ മനുഷ്യകുലത്തിന് ഉപകാരപ്പെടുന്നവയാണെന്ന് കണ്ടെത്തിയ അവർ പ്രധാനപ്പെട്ട ഗ്രീക്ക് കൃതികൾ അറബിയിലേക്ക് വിവർത്തനം ചെയ്യുകയുമുണ്ടായി. അത്തരം അറബി ഗ്രന്ഥങ്ങളിലൂടെയാണ് യൂറോപ്പ് ഗ്രീക്ക് ചിന്തകരെ അറിയുന്നത്. അബൂബക്കർ മുഹമ്മദ് അൽ റാസി, അലി ഇബ്നുൽ അബ്ബാസ് അൽ മജൂസി, ഇബ്നു സീനാ തുടങ്ങിയവർ ഇസ്‌ലാമിന്റെ സുവർണ കാലഘട്ടത്തിൽ വൈദ്യശാസ്ത്രരംഗത്ത് മഹത്തായ സംഭാവനകളർപ്പിച്ചവരാണ്. ഒരുപക്ഷേ, ഇസ്‌ലാമിലെ ഏറ്റവും മഹാനായ ക്ലിനിക്കൽ ഡോക്ടർ എന്നാണ് അബൂബക്കർ റാസിയെ പി.എം. ഹോൾട്ട്, ബർണാഡ് ലൂയിസ് തുടങ്ങിയവർ വിശേഷിപ്പിച്ചത്. (The Cambridge History of Islam, Vol 2, Page: 769). തുടർച്ചയായ വായന മൂലം കണ്ണുകൾക്ക് കാഴ്ച നഷ്ടപ്പെട്ട ഒരാളായിരുന്നു അദ്ദേഹം. നേത്രശസ്ത്രക്രിയ നടത്തി കാഴ്ച ശരിപ്പെടുത്താൻ വന്ന നേത്രരോഗചികിത്സകനോട് കണ്ണിനെത്ര ചർമപാളികളുണ്ടെന്ന് അദ്ദേഹം ചോദിച്ചുവെന്നും അതിന് തൃപ്തികരമായ മറുപടി നൽകാൻ കഴിയാതിരുന്ന ഡോക്ടറോട് "ഞാൻ ലോകം വേണ്ടത്ര കണ്ടിട്ടുണ്ടെന്നും ഇനി കാണാനാഗ്രഹമില്ലെന്നും" പറഞ്ഞ് തിരിച്ചയച്ചതായി അൽ ബിറൂനി രേഖപ്പെടുത്തിയിട്ടുണ്ട്. അൽ ബിറൂനിയുടെ കണക്ക് പ്രകാരം 46 വൈദ്യശാസ്ത്ര പഠനഗ്രന്ഥങ്ങളും, പ്രകൃതിശാസ്ത്രങ്ങളുമായി ബന്ധപ്പെട്ട 33 പഠനഗ്രന്ഥങ്ങളും, തർക്കശാസ്ത്രത്തെക്കുറിച്ച് എട്ട് ഗ്രന്ഥങ്ങളും, ഗണിതശാസ്ത്രത്തെക്കുറിച്ച് പത്ത് പഠനഗ്രന്ഥങ്ങളും, തത്ത്വചിന്തയെക്കുറിച്ച് പതിനേഴും, അതിഭൗതികശാസ്ത്രത്തെക്കുറിച്ച് ആറും, മതശാസ്ത്രത്തെക്കുറിച്ച് 14ഉം, രസതന്ത്രത്തെക്കുറിച്ച് 22 ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ടദ്ദേഹം. ഇതിനു പുറമെ, വിവിധ വിഷയങ്ങളെക്കുറിച്ച് വേറെയും പത്ത് ഗ്രന്ഥങ്ങൾ റാസി രചിക്കുകയുണ്ടായി (The Cambridge History of Islam, Vol 2, Page: 770).

വൈദ്യശാസ്ത്രരംഗത്ത് അറബികൾ മുഖ്യമായും ആശ്രയിച്ചിരുന്നത് ഗാലന്റെ കൃതികളെയായിരുന്നുവെങ്കിലും അതിലെ തെറ്റുകൾ ചൂണ്ടിക്കാണിക്കുക കൂടി ചെയ്തു അവർ. ഉദാഹരണമായി, ശരീരവ്യവഛേദശാസ്ത്രരംഗത്ത് നിസ്തുല സംഭാവന നൽകിയ മഹാനായിരുന്നു ഇബ്നു നഫീസ് (1210 1288). ഹൃദയത്തിന്റെ ഉള്ളറകൾ സംബന്ധിച്ച ഗാലന്റെ നിഗമനങ്ങൾ ഇബ്നു നഫീസ് തിരുത്തിയിരുന്നു. ശരീരഛേദം നടത്തിയാണ് അതദ്ദേഹം കണ്ടെത്തിയതെന്ന് രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ആ കാലഘട്ടത്തിൽ തന്നെ ജീവിച്ചിരുന്ന അബ്ദുല്ലത്വീഫ് അൽ ബഗ്ദാദി (മരണം

1231/629 ഹിജ്റ) കീഴ്ത്താടിയെല്ല് ഗാലൻ കരുതിയിരുന്നതു പോലെ, രണ്ടല്ല ഒന്നാണെന്ന് കണ്ടെത്തിയിരുന്നു. 1200–1201 കാലഘട്ടത്തിൽ ഈജിപ്തിലുണ്ടായ കടുത്ത ക്ഷാമത്തിന്റെയും വരൾച്ചയുടെയും കാലത്ത് അവിടം സന്ദർശിച്ച അൽ ബഗ്ദാദി ചിതറിക്കിടന്ന മൃതദേഹങ്ങൾ പരിശോധിച്ചാണ് കീഴ്ത്താടിയെല്ല് രണ്ടല്ല ഒന്നാണെന്ന് കണ്ടെത്തിയത്. അപ്പോൾ അവിടെ ഇരുപതിനായിരത്തിലധികം മൃതദേഹങ്ങളുണ്ടായിരുന്നുവെന്നും രണ്ടായിരത്തിലധികം മൃതദേഹങ്ങളുടെ തലകൾ പരിശോധിച്ചതിനു ശേഷമാണ് താനത് കണ്ടെത്തിയതെന്നും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. എട്ടാം നൂറ്റാണ്ട് മുതൽ പതിനൊന്നാം നൂറ്റാണ്ട് വരെയുള്ള കാലഘട്ടത്തിൽ ജീവിച്ച ത്വബ്രി, റാസി, അലി ഇബ്നു അബ്ബാസ്, ഇബ്നു സീന, ജുർജാനി തുടങ്ങിയവരെല്ലാം തന്നെ ശരീരഛേദപരിശോധന നടത്തിയിരുന്നതായി പേർഷ്യയുടെ ശരീരശാസ്ത്ര പഠനങ്ങളുടെ ചരിത്രത്തിൽ കാണുന്നു.

ദാർശനികനും ഭിഷഗ്വരനുമായിരുന്ന അബൂബക്കർ മുഹമ്മദ് റാസി അതീവ വിസ്മയാവഹമായ ഒരു വൈദ്യവിജ്ഞാനകോശം രചിച്ചിരുന്നു. വൈദ്യശാസ്ത്ര രംഗത്ത് ഇസ്‌ലാമിക ലോകത്തെ ഹിപ്പോക്രിറ്റസും തത്ത്വചിന്താരംഗത്ത് സോക്രട്ടീസുമാണ് താനെന്ന് അദ്ദേഹം കരുതിയിരുന്നതായി എൻസൈക്ലോപീഡിയാ ബ്രിട്ടാനിക്ക രേഖപ്പെടുത്തിയിട്ടുണ്ട്. അറബികൾക്കിടയിലെ ഏറ്റവും ഉന്നതനായ സർജൻ അബുൽ ഖാസിം ഖലഫ് ഇബ്നു അബ്ബാസ് അസ്സഹ്റവി സർജറിയെക്കുറിച്ച് പതിനൊന്നാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ രചിച്ച ഗ്രന്ഥം, 1497-ൽ ജെറാർഡ് ഓഫ് ക്രിമോണ ലാറ്റിനിലേക്ക് വിവർത്തനം ചെയ്ത് വെനീസിൽ പ്രസിദ്ധീകൃതമായതിനു ശേഷമാണ് യൂറോപ്പിന് ആ വിവരം ലഭിക്കുന്നത്.

വൈദ്യശാസ്ത്രത്തിനു പുറമെ ഭാഷ, സാഹിത്യം, കവിത, ചരിത്രം, ഭൂമിശാസ്ത്രം, സഞ്ചാരസാഹിത്യം, ഗോളശാസ്ത്രം, ഗണിതശാസ്ത്രം, ജന്തുശാസ്ത്രം, തത്ത്വചിന്ത, കല, ശിൽപകല തുടങ്ങിയവയിലും മഹത്തായ സംഭാവനകളുണ്ടായത് മുസ്‌ലിം ഭരണകാലത്തായിരുന്നു (ഫിലിപ് ഹിറ്റിയുടെ ഗ്രന്ഥം കാണുക). ഇബ്നു സീനയുടെയും ഇബ്നു ഖൽദൂന്റെയും ഉമർ ഖയ്യാമിന്റെയും ഫാറാബിയുടെയുമെല്ലാം സംഭാവനകൾ ഇപ്പോഴും ചരിത്രത്തിൽ തലയുയർത്തി നിൽക്കുന്നു.

സ്പെയിനിലും ബഗ്ദാദിലും മാത്രമല്ല, മുസ്‌ലിം ഭരണാധികാരികൾ വന്ന ഭൂപ്രദേശങ്ങളിലെല്ലാം ഭരണീയർക്കും ആ പ്രദേശത്തിനും അവരുടേതായ സംഭാവനകൾ ലഭിച്ചിരുന്നു എന്നതിന്റെ ഉദാഹരണങ്ങളാണ് മുഗൾ ഭരണകാലത്തെ നിത്യസ്മാരകങ്ങളായി ഇന്ത്യയിൽ നിലനിൽക്കുന്ന താജ് മഹൽ, ജുമാ മസ്ജിദ്, ചെങ്കോട്ട, ഫതഹ്പൂർ സിക്രി, ഖുത്തബ് മിനാർ, ഹൈദരാബാദിലെ ചാർമിനാർ തുടങ്ങിയവയും ഭാഷ, സാഹിത്യം, കവിത തുടങ്ങിയ മേഖലകളിൽ മീർ തഖി മീർ, മിർസാ ഗാലിബ് പോലുള്ളവരുടെ സാന്നിധ്യവുമെല്ലാം. ഇസ്‌ലാം പ്രചരിച്ച മറ്റനേകം ഭൂപ്രദേശങ്ങളിലും മുസ്‌ലിംകളുടെ സംഭാവനകൾ നിത്യസ്മാരകങ്ങളായി ഇന്നും നിലനിൽക്കുന്നുണ്ട്.

അതൊക്കെ സാധിച്ചത്, മുകളിൽ പറഞ്ഞ മേഖലകളിൽ പഠനവും ഗവേഷണവും നടത്താൻ പറ്റിയ ഒരു സാമൂഹികസാഹചര്യം അന്നത്തെ ഭരണാധികാരികൾ സൃഷ്ടിച്ചുകൊടുത്തതുകൊണ്ടാണെന്നത് വിസ്മരിച്ചു കൂടാ. വിജ്ഞാനം വിശ്വാസിയുടെ കളഞ്ഞുപോയ സ്വത്താണെന്നും അതെവിടെ കണ്ടെത്തിയാലും വീണ്ടെടുക്കുക എന്നുമുള്ള ഒരു കാഴ്ചപ്പാട് അവരിലെല്ലാം അന്തർലീനമായിരുന്നതുകൊണ്ടാണ് അത് സാധ്യമായത്. വൈജ്ഞാനിക രംഗത്ത്

സംഭാവനകളർപ്പിക്കുന്നതിൽ മുസ്‌ലിംകളെ മാത്രമല്ല അവർ പ്രോത്സാഹിപ്പിച്ചതും ഉപയോഗപ്പെടുത്തിയതും. അവിടെയുണ്ടായിരുന്ന ഇതര മതവിഭാഗങ്ങളെപ്പോലും അവർ അതിനായി ഉപയോഗപ്പെടുത്തി നഷ്ടപ്പെട്ടു പോകുമായിരുന്ന പുരാതന വിജ്ഞാനശാഖകളെ പുനരുജ്ജീവിപ്പിക്കുകയാണുണ്ടായത്. അതൊക്കെ ഒരു സ്വാഭാവിക നടപടി മാത്രമായിരുന്നു അവർക്ക്. വായുവും വെള്ളവുമെല്ലാം പോലെത്തന്നെ, നന്മ എല്ലാവർക്കുമുള്ളതാണ് എന്നതാണതിലെ തത്ത്വം. അത് ഒരു പ്രത്യേക മതത്തിന്റേതോ സംഘടനയുടെതോ ആയി അറിയപ്പെടണമെന്ന് അവർക്കൊരു നിർബന്ധവുമുണ്ടായിരുന്നില്ലെന്ന് വേണം കരുതാൻ.

ഇന്ന് നാമെവിടെ നിൽക്കുന്നു? സമുദായത്തിലെ വിവിധ സംഘടനകൾക്കും, അവരിൽ നിന്ന് ഭിന്നിച്ചുപോയ വിമത വിഭാഗങ്ങൾക്കുമെല്ലാം സ്ഥാപനങ്ങൾ അവരുടേതായിത്തന്നെ വേണം; അത് പള്ളിയായാലും പള്ളിക്കൂടമായാലും ആശുപത്രിയായാലും ക്ഷേമപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന കേന്ദ്രങ്ങളായാലും. ഇത് മുസ്‌ലിം സമൂഹത്തിന്റെ ഊർജത്തെ തുണ്ടംതുണ്ടമാക്കുകയേയുള്ളൂ. ഏകീകൃതമായ നേതൃത്വമില്ലാത്തതിന്റെയും നിലവിലുള്ള നേതൃത്വങ്ങൾ മറ്റുള്ളവർക്കൊപ്പം നിൽക്കാൻ തയാറാവാത്തതിന്റെയും ഫലമാണിത്. നന്മയുടെ കാര്യത്തിൽ യോജിച്ച് പ്രവർത്തിക്കുക എന്നത് ഏട്ടിലെ പശുവാകുന്നതിവിടെയാണ്. ''നന്മയിലും ഭക്തിയിലും നിങ്ങൾ പരസ്പരം സഹകരിക്കുക. തിന്മയിലും ശത്രുതയിലും നിങ്ങൾ പരസ്പരം സഹകരിക്കരുത്'' എന്ന് ഖുർആൻ പറഞ്ഞത് (5:2) അറിയാത്തവരല്ല ഇവരാരും. അഭിപ്രായ വൈജാത്യങ്ങളെ ക്രിയാത്മകമായി ഉപയോഗിക്കുന്നതിനു പകരം സ്വാഭിപ്രായശാഠ്യം പുലർത്തുന്നതുകൊണ്ടാണ് ഇത്തരം ദുരന്തങ്ങൾ കാലങ്ങളായി തുടരുന്നത്.

മുസ്‌ലിംകൾ ഇന്ന് മറ്റുള്ളവർക്ക് അനഭിമതരാണ് എന്നു കരുതുന്നുണ്ടെങ്കിൽ അതിനുള്ള കാരണവും നാം അന്വേഷിക്കേണ്ടതുണ്ടല്ലോ. പൂർവികർ ചെയ്തതു പോലെ സമൂഹത്തിന് മൊത്തത്തിൽ ഗുണം ലഭിക്കുന്ന തരത്തിൽ കഠിനാധ്വാനം ചെയ്യാൻ ഇന്ന് മുസ്‌ലിംകൾ തയാറാവുന്നുണ്ടോ എന്നും പരിശോധിക്കാവുന്നതാണ്. പരിദേവനത്തിലൂടെ സ്ഥാനം നേടുന്നതിനേക്കാൾ അഭികാമ്യം ജീവിക്കാനുള്ള യോഗ്യത തെളിയിച്ച് മറ്റുള്ളവരിൽനിന്ന് അംഗീകാരം നേടിയെടുക്കലാണ്. ഇതിന് എവിടെയാണ് തടസ്സം? ''നിങ്ങൾ ദുർബലരാവുകയോ ദുഃഖിക്കുകയോ ചെയ്യരുത്. വിശ്വാസികളെങ്കിൽ നിങ്ങൾ തന്നെയാണുന്നതർ'' എന്ന ഖുർആൻ വാക്യം (3:139) നാം തെറ്റായി വായിച്ചുവോ? നാം തന്നെയാണുന്നതർ എന്ന് കരുതി ദൈവസഹായവും പ്രതീക്ഷിച്ച് കൈയും കെട്ടിയിരുന്നുവോ? സമൂഹം അതിവേഗം കുതിച്ചു പായുമ്പോൾ മുസ്‌ലിംകൾ പഴയ വേഗതയിൽ തന്നെ ചലിക്കുകയെന്ന അബദ്ധം കാണിച്ചുവോ? ഇതും പരിശോധനയർഹിക്കുന്നുണ്ട്. മഹാകവി ഇഖ്ബാൽ ഈ മനോഭാവത്തെ ഇങ്ങനെ വിവരിക്കുന്നുണ്ട് *ശിക്‌വ*യിലും *ജവാബെ ശിക്‌വ*യിലും. ഞങ്ങൾ ചരിത്രത്താളുകളിൽ നിന്ന് അസത്യത്തിന്റെ മാലിന്യങ്ങളെ തുടച്ചു നീക്കുകയും അടിമച്ചങ്ങലകളിൽ നിന്ന് മനുഷ്യകുലത്തെ മോചിപ്പിക്കുകയും കഅ്ബയുടെ മുറ്റം സ്വന്തം നെറ്റിത്തടം കൊണ്ട് തുടച്ച് വൃത്തിയാക്കുകയും ഖുർആൻ നെഞ്ചോടണച്ച് പിടിക്കുകയും ചെയ്തിട്ടും നീ ഞങ്ങളുടെ വിശ്വാസത്തെ പഴിക്കുകയോ എന്ന് ചോദിച്ചതിന് *ജവാബെ ശിക്‌വ*യിൽ കവി ദൈവത്തിന്റേതായി കൊടുത്ത മറുപടി ഇങ്ങനെ:

*സഫ്ഹയെ ദഹർസെ ബാത്വിൽ കൊ മിഠായാ കിസ്നെ?*
*നൗഎ ഇൻസാൻ കൊ ഗുലാമീ സെ ഛുഡായാ കിസ്നെ?*

*മേരേ കഅ്ബെ കൊ ജബീനോം സെ ബസായാ കിസ്നെ?*
*മേരേ ഖുർആൻ കൊ സീനോംസെ ലഗായാ കിസ്നെ?*
*ഥെ തൊ ആബാ വൊ തുമാരേ ഹി, മഗർ തും ക്യാ ഹോ?*
*ഹാഥ് പർ ഹാഥ് ധരെ മുൻതസിറെ ഫർദ്വാ ഹൊ.*

(ചരിത്രത്താളുകളിൽ നിന്ന് അസത്യത്തിന്റെ മാലിന്യങ്ങളെ വിപാടനം ചെയ്തതാര്?

മനുഷ്യകുലത്തെ അടിമച്ചങ്ങലകളിൽ നിന്ന് മോചിപ്പിച്ചതാര്?
ആരുടെ നെറ്റിത്തടം കൊണ്ടെന്റെ കഅ്ബയുടെ മുറ്റം തൂത്തുവാരി?
എന്റെ ഖുർആൻ നെഞ്ചോട് ചേർത്ത് പിടിച്ചതാരായിരുന്നു?
അവർ നിങ്ങളുടെ പ്രപിതാക്കളായിരുന്നു. പക്ഷേ നിങ്ങളാര്?
നല്ല നാളെയെ കാത്ത് കൈയും കെട്ടി അലസരായിരിക്കുന്നവർ).

മുസ്ലിംകളെക്കാൾ വളരെ ചെറിയ ഒരു മതസമൂഹമാണ് ഇന്ത്യയിലെ പാർസികൾ. അവർ ഇന്ത്യയിൽ വന്നതിനെക്കുറിച്ചും ഇവിടത്തെ ജനങ്ങളുമായും സംസ്കാരവുമായും ഇഴുകിച്ചേർന്നുകൊണ്ട് ഈ രാജ്യത്തിനു വേണ്ടി ചെയ്ത സംഭാവനകളെക്കുറിച്ചും ചിത്രീകരിക്കുന്ന ഒരു സിനിമയുണ്ട്. സൈറസ് ബറൂച്ച സംവിധാനം ചെയ്ത, നിഗൽ ടെറി, പോൾ ഷെല്ലി തുടങ്ങിയവർ അഭിനയിച്ച 'ഓൺ വിംഗ്സ് ഓഫ് ഫയർ.' പേർഷ്യയിൽ നിന്ന് നാടുകടത്തപ്പെട്ട് ഇന്ത്യയിൽ അഭയാർഥികളായെത്തിയ സൗരാഷ്ട്രമതക്കാരായ അവർ അൽപകാലം ഗുജറാത്തിനടുത്ത ദിയൂവിൽ കഴിഞ്ഞ് അഭയം തേടി അവിടത്തെ ഹിന്ദു ഭരണാധികാരിയെ കാണാൻ ചെന്ന ഒരു രംഗമുണ്ടതിൽ. തന്റെ നാട്ടിൽ ഇത്രയും പേരെ താമസിപ്പിക്കാൻ സ്ഥലമില്ലെന്നും അതിനാൽ അഭയം തരാനാവില്ലെന്നും അന്നത്തെ രാജാവായിരുന്ന യാധവ് റാണ അവരോട് പറഞ്ഞപ്പോൾ അവരുടെ നേതാവ് ഒരു ഗ്ലാസ് നിറയെ പാൽ കൊണ്ടുവരാൻ അഭ്യർഥിച്ചു. അതു കൊണ്ടുവന്ന ഉടനെ തന്റെ കൈയിലുണ്ടായിരുന്ന പഞ്ചസാരയിൽ നിന്നൽപം എടുത്ത് അതിലിട്ട്, ഇപ്പോൾ അതിന്റെ സ്വാദ് എങ്ങനെയെന്ന് രാജാവിനോട് ചോദിച്ചു. "അത് മധുരമുള്ളതായി" രാജാവ് പറഞ്ഞു. "ഇതിൽ നിന്ന് ഒരു തുള്ളി പാൽ പുറത്ത് പോയതുമില്ല, അത് കൂടുതൽ രുചികരമാവുകയും ചെയ്തു. ഇതുപോലെ, ഞങ്ങൾ ഇവിടെ ജീവിച്ചാൽ ഇവിടത്തെ ജനങ്ങൾക്ക് ഞങ്ങളെക്കൊണ്ട് വലിയ പ്രയോജനമുണ്ടാകും" അവരുടെ നേതാവ് രാജാവിനോട് പറഞ്ഞു. ഇതു കേട്ട രാജാവ് അവർക്ക് അവിടെ അഭയം കൊടുത്തു. പിൽക്കാലത്ത് ഇന്ത്യയുടെ വളർച്ചയിൽ സുപ്രധാന പങ്ക് വഹിച്ച ജംഷഡ്ജി ടാറ്റ, ജെ.ആർ.ഡി. ടാറ്റ, ഹോമി ഭാഭ, വാഡിയ കുടുംബം തുടങ്ങി ഒട്ടേറെ പേരെ സംഭാവന ചെയ്ത ആ കൊച്ചു സമുദായത്തെക്കുറിച്ചാണ് ചിത്രം വിവരിക്കുന്നത്.

തീവ്രഹൈന്ദവ സംഘടനകൾക്ക് അവരോട് വിരോധമില്ലാത്തതിന് പല കാരണങ്ങളുണ്ടാവാം. അവർ മതപരമായ കാര്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യുന്നതോ ഹൈന്ദവ രീതികൾ സ്വീകരിക്കുന്നതോ മുഖ്യധാരയിൽ ചേർന്നു നിന്ന് സമൂഹത്തിന്റെ നന്മക്ക് വേണ്ടി അവരുടെതായ സംഭാവനകളർപ്പിക്കുന്നതോ ആവാം കാരണം. അതേയവസരത്തിൽ സ്വന്തം രാജ്യത്തിനു വേണ്ടി സംഭാവനകളർപ്പിക്കുന്നുണ്ടെങ്കിൽ പോലും മുസ്ലിംകൾ മുഖ്യധാരയിൽ നിന്ന് അനാവശ്യമായി ഒഴിഞ്ഞുനിന്ന് മറ്റുള്ളവരിൽ സംശയം ജനിപ്പിക്കാനിടയാക്കുന്നുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്.

മുസ്ലിംകളോട് വിരോധവും ശത്രുതയും പുലർത്തുന്നതിന് ചരിത്രപരമായ

കാരണങ്ങളാണ് ഹൈന്ദവതീവ്രവാദികൾ ഉന്നയിക്കുന്നത്. ഒട്ടും ന്യായീകരിക്കാവുന്നതല്ല ഈ നിലപാടുകൾ. ഗുജറാത്ത് വംശഹത്യയുടെ നാളുകളിലും തുടർന്നിങ്ങോട്ടും നടന്നു വരുന്ന മുസ്‌ലിംവിരുദ്ധ പ്രചാരണങ്ങൾ ഈ സമുദായത്തെ തെല്ലൊന്നുമല്ല വിഷമിപ്പിക്കുന്നത്. ഇത് ഒട്ടും ആശാസ്യമായ കാര്യമല്ലെന്ന് വിവേകമുള്ളവർ ചൂണ്ടിക്കാട്ടാറുണ്ടെങ്കിലും നിക്ഷിപ്ത താൽപര്യമുള്ള സംഘടനകൾ അതുമായി മുന്നോട്ടു പോകുന്നതായാണ് കാണുന്നത്. ഇതാകട്ടെ, ജനാധിപത്യസംവിധാനം നിലനിൽക്കുന്ന ഒരു രാജ്യത്തിനു ഒട്ടും ഗുണകരമല്ല താനും. പാശ്ചാത്യ രാജ്യങ്ങളിലുള്ള മുസ്‌ലിംകളേക്കാൾ തങ്ങളാണ് കൂടുതൽ അപകടാവസ്ഥയിലുള്ളതെന്ന് ഇന്ത്യയിലുള്ള മുസ്‌ലിംകൾ കരുതുന്നതായി കരൻ ആംസ്ട്രോങ്ങ് എഴുതുന്നു: "1947ൽ വിഭജനത്തോടനുബന്ധിച്ച് ഉപഭൂഖണ്ഡത്തിൽ നടന്ന ദാരുണമായ അക്രമസംഭവങ്ങൾ ഇന്നും ഇന്ത്യയിലെ ഹിന്ദുക്കളുടെയും മുസ്‌ലിംകളുടെയും മനസ്സിനെ മഥിച്ചു കൊണ്ടിരിക്കുന്നുണ്ട്. അനേകം ഹിന്ദുക്കൾ മുസ്‌ലിംകളുടെ അവകാശങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്നുണ്ടെങ്കിലും, മോശമായ മാധ്യമ പരിഗണനയാണ് മുസ്‌ലിംകൾക്ക് കിട്ടുന്നത്. അവർക്ക് ഗെറ്റോ മനഃസ്ഥിതിയാണുള്ളതെന്നും അവരിപ്പോഴും ഹൃദയത്തിൽ പാകിസ്താനോട് കൂറ് പുലർത്തുന്നവരാണെന്നും കൂടുതൽ സന്താനങ്ങളെ ഉൽപാദിപ്പിക്കുന്നവരാണെന്നും മറ്റുമുള്ള ആരോപണങ്ങൾ സദാ മുസ്‌ലിംകളുടെ മേൽ ചൊരിഞ്ഞുകൊണ്ടിരിക്കുന്നു. അവരെ ഗ്രാമങ്ങളിൽ നിന്നിറക്കി വിടുന്നു, എളുപ്പത്തിലൊന്നും നല്ല ജോലികൾ കിട്ടുന്നില്ല, പലപ്പോഴും മാന്യമായ താമസസ്ഥലങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്യുന്നു" (Karen Armstrong, Islam - A Short History, Phoenix Press, London, 2003, Page 151). എത്ര ആത്മാർഥത പുലർത്തിയാലും ദേശസ്നേഹം കാണിച്ചാലും അഞ്ചാംപത്തിയായി കാണുന്ന പ്രവണത ഇവിടെ മാത്രമല്ല ഉള്ളത്. അത് ലോകത്തിന്റെ പല ഭാഗത്തുമുണ്ട്. അതിന് കാരണം അവിടങ്ങളിലുള്ളവരുടെ അസഹിഷ്ണുതയാണ്. അസഹിഷ്ണുതക്ക് മറുപടി പറയേണ്ടത് അസഹിഷ്ണുതയിലൂടെയല്ല. തിന്മയെ നന്മ കൊണ്ട് ചെറുക്കുമ്പോൾ ചരിത്രം സത്യം രേഖപ്പെടുത്തിക്കൊള്ളും. കഴിവുകൾ കൊണ്ടും മനുഷ്യകുലത്തിനുള്ള സംഭാവനകൾ കൊണ്ടും ഔന്നത്യം നേടി ചരിത്രത്തിൽ ഉയർന്നുനിൽക്കുകയാണ് വേണ്ടത്. അബ്ബാസിയാ ഭരണകാലത്തെയും മുഗൾഭരണകാലത്തെയും പോരായ്മകളെക്കുറിച്ചല്ല, അവരുടെ സംഭാവനകളെക്കുറിച്ച് മാത്രമാണ് ലോകം ഇന്നോർക്കുന്നതെന്നത് വിസ്മരിക്കരുത്. ■

kcsaleem@journalist.com